## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2480.** **09.03.2018 ൽ മറുപടിയ്ക്ക്**

**ദേശീയ പാതയോരങ്ങളിലെ ബാറുകളുടെ ദൂരപരിധിയിലുള്ള മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പുതിയ മദ്യ നയത്തിന് ഈ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | പുതിയ മദ്യ നയം സംബന്ധിച്ച് അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) | ഇപ്പോൾ സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന ബാറുകൾ എത്ര എന്നറിയിക്കാമോ ; | (ബി) | മുമ്പ് ബാറുകളായി പ്രവർത്തിച്ച 415 ഹോട്ടലുകളിൽ ഇപ്പോൾ ബാർ പ്രവർത്തിക്കുന്നില്ല. |
| (സി) | ഇവ തുറന്ന് പ്രവർത്തിക്കാൻ ഉതകുന്ന എന്തെങ്കിലും നടപടി സ്വീകരിയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (സി) | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | ഹൈവേ സൈഡുകളിൽ ഉള്ള ബാറുകളുടെ ദൂരപരിധിയിൽ മാറ്റങ്ങൾ വരുത്താൻ പുതിയ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | ബഹു.സുപ്രീംകോടതിയുടെ 23/02/2018 ലെ സി.എ. നം.12164-12166/16 നമ്പർ കേസുകളിലെ ഉത്തരവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഹൈവേയിൽ നിന്നും നിശ്ചിത ദൂരം പാലിക്കാത്ത തിനാൽ നിലവിൽ അടഞ്ഞുകിടക്കുന്ന സ്ഥാപന ങ്ങളുടെ കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**